താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്രസർക്കാരിന്റെ താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വില നൽകി കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. പ്രസ്തുത വിലയ്ക്ക് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്ന സപ്ലൈകോയ്ക്ക് താങ്ങുവില (MSP) കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നു. കേന്ദ്രസർക്കാരിന്റെ താങ്ങുവില (MSP)-യും സംസ്ഥാന സർക്കാരിന്റെ സംഭരണവിലയും തമ്മിലുള്ള വ്യത്യാസം ഇൻസെന്റീവ് ബോണസായി സംസ്ഥാന സർക്കാർ നൽകുന്നു. നെല്ലിന്റെ സംഭരണവില കിലോക്ക് പത്തൊമ്പത് രൂപ നിരക്കിൽ നൽകിയിരുന്നത് 7-11-2015 -ലെ സ.ഉ. (എം.എസ്.)നമ്പർ 34/2015/ ഭ.സി.സ.വ പ്രകാരം കിലോയ്ക്ക് 21.50 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരാണ് നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നത്. കർഷക സംഘടനകൾ പ്രഖ്യാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള താങ്ങുവിലയുടെ വിശദാംശങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല.

(സി) താങ്ങുവിലയിലുള്ള വർദ്ധനവ് സംഭരണ സീസൺ ആരംഭിക്കുന്നതിനുമുമ്പായി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വിലയ്ക്ക് നെല്ല് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്.

കുടുംബശ്രീയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അവലോകനം

6 (*126) ശ്രീ. കെ. ദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഇപ്പോൾ കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്നത് എന്ന് അറിയിക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ലഭിച്ച ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടുംബശ്രീ ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ വിദേശത്തുവച്ച് നടന്ന പരിപാടികളിൽ കുടുംബശ്രീയുടെ ചെലവിൽ യാത്ര ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം) നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ (എൻ.യു.എൽ.എം.) മഹിളാകിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.) Attappady Comprehensive Integrated Tribal And PVTG Development Project, നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻ.ആർ.ഒ.) പ്രധാനമന്ത്രി ആവാസ് യോജന (പി.എ.വൈ.) എന്നീ പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ലഭിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല എന്നാൽ തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി ബി.എസ്.യു.പി., എസ്.ജെ.എസ്.ആർ.വൈ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക പ്ലാൻ ഫണ്ടിനത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

(ഡി) ലോകത്തിന് തന്നെ മാതൃകയായ കുടുംബശ്രീ പ്രസ്ഥാനം സ്ത്രീശാക്തീകരണത്തിന് വേണ്ടി ഉചിതമായ രീതിയിൽ ദക്ഷിണാഫ്രിക്കയിലും നടപ്പിലാക്കുന്നതിന് വേണ്ട ചർച്ചകൾ നടത്താനായി കുടുംബശ്രീ ചെയർമാനും അംഗങ്ങളും ദക്ഷിണാഫ്രിക്ക സന്ദർശിച്ചിരുന്നു. ഇതിനുള്ള മുഴുവൻ ചെലവും കേന്ദ്രഫണ്ടായ NRO-യാണ് വഹിച്ചത്. ഇതിന് കുടുംബശ്രീ ഫണ്ട് വിനിയോഗിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനായി കുടുംബശ്രീ എൻ.ആർ.ഒ.-യും ദക്ഷിണാഫ്രിക്കയിലെ ഫ്രീ സ്റ്റേറ്റ് പ്രോവിൻസുമായും ഒപ്പിടേണ്ട ധാരണാപത്രം തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

7(*127) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly